# കക്ക



## കക്ക

അടിയിൽ തെളിവെള്ളം
　　നിർത്തുവാൻ പോരുംമട്ടി
ലടക്കം കായൽ കാണി
　　ച്ചതിനാലൊരു ദിനം
നീലത്തോടുകൾ കൂട്ടി
　　യടച്ചും കക്കാക്കൂട്ട
മാലസ്യം ചെളിമണ്ണിൽ
　　കാണുവാനിടയായി

ചാരുപുഷ്കര ദീപ്ത
　　നീലവാനം പോൽ താഴെ
യാരുവാനംഭസ്സേവ
　　മാഴത്തിൽ തെളിയിച്ചൂ

ഓരാതെയാവാം പൂർവ്വാ
　　ഹത്തിലീശുഭവേള
പാരഗമേറിവന്നു
　　കാണുവാൻ കവിയോ ഞാൻ

അമ്പതുകൊല്ലം മുമ്പ്
　　ഭാർഗ്ഗവക്ഷേത്രത്തിന്റെ
അമ്പിളിക്കലയായി
　　കായലുമാറും തോടും

പൊന്നരഞ്ഞാണം മാല
കൈവള കൊലുസ്സാദി
മിന്നുമാഭരണത്തി
ന്നൊഴുക്കായിരുന്നെല്ലോ

വാണിഭം വഹിച്ചു കൊ
ണ്ടാവഴിയെല്ലാം വഞ്ചി
വാണമായ് പായും കാഴ്ച
യെത്ര കൗതുകമെന്നോ

മണ്ണെണ്ണബോട്ടും, യാത്രബോട്ടും,
ടഗ്ഗെന്നീവക
എണ്ണങ്ങളനവധി
യന്ത്രവൽക്കൃതങ്ങളും

എല്ലാമൊരുല്ലാസത്തിൻ
വല്ലഭ മുണർത്തുമാ
റെല്ലാനേരവും രാവും
പകലും ജലമാർഗ്ഗം

ഫുല്ല മുൾക്കുളിർതല്ലി
ത്തഴുകുമോളങ്ങളെ
ത്തെല്ലു പിന്നോക്കം വിട്ടു
പാറുന്ന കൊട്ടാരങ്ങൾ

യന്ത്രവാഹനങ്ങളെ
തോൽപിച്ചു തുന്നം ചെയ്തി-
ട്ടന്തിച്ചന്തയ്ക്കുപോലു
മവശ്യം ചരക്കേകാൻ

എത്തുന്നു മുടുക്കുലു
മിട മാർഗ്ഗവും വഞ്ചി
ഇത്തരമൊരു ജല
വാഹനമുണ്ടോ വേറെ.

കഴുക്കോൽ കുത്തിത്തള്ളി
യൂന്നിയും വഞ്ചിക്കാരൻ
തുഴഞ്ഞും ഗമിയ്ക്കുന്ന
തുത്സവം നമുക്കെല്ലാം

എങ്ങുണ്ടുകായൽത്തീര
മവിടം തിരക്കുള്ള
ചിങ്ങമാസവുമോണ
ച്ചന്തയുമായിത്തീരും

ചന്ദന നിറം ചാർത്തി–
ച്ചന്തത്തിൽ വളപുര
പന്നകം നടുത്തട്ടി
യെന്നിവയണിയിച്ച

സുന്ദരത്തങ്കക്കുമിൾ
കൊമ്പുള്ള വള്ളം, സദാ
പൊന്നുകാക്കുംപോൽനോക്കും
കേവുകാർ പണിയാളർ

പാമരമണിയത്തു
നാട്ടിയും പായകെട്ടി
നാമകവള്ളത്തിന്റെ
അമരത്തൊന്നാമത്തെ

പങ്കായം പക്കംചേർത്തു
പിടിച്ചുമോടിയ്ക്കുമ്പോൾ
കങ്കാണിരസംകൊള്ളും
നമ്മളും രസിയ്ക്കുന്നു

പാടുമായിരുന്നേവ
മാമോദമുള്ളിൽത്തട്ടി
പാടത്തും തീരത്തും നി
ന്നെല്ലാരും കായൽനോക്കി

"ആയിരം കുടുംബങ്ങൾ
ക്കായുസ്സുനൽകാൻവേണ്ടി
പായസമുണ്ടാക്കുവാൻ
കേവഞ്ചിയെല്ലോ ഭാഗ്യം"

ഇന്നു വഞ്ചികളേറെ
യില്ല, തീരവും മൂകം
കന്നകുത്തേല്ക്കും കേരം
പോലെനിന്നുഴലുന്നു

കാലവർഷത്താൽ വേലി
യേറ്റത്താലിറക്കത്താൽ
കാലുഷ്യം പരത്താത്ത
കായലുമതേമട്ടായ്

ഓടത്തിലിരുന്നു ഞാ-
നോർത്തു പോയിവറ്റകൾ
ഓട്ടയിലൊളിച്ചെന്തി
നീവിധം കഴിയുന്നു

പേടിപൂണ്ടാകും പേടി-
ച്ചിരുന്നാൽ സ്വയം രക്ഷ
നേടുവാനൊരു മാർഗ്ഗ
മെങ്ങനെ ലഭിച്ചിടും

ഗണ്യമാം മോഹങ്ങളും
സ്വപ്നവുമിന്നീവിധം
കണ്ണടച്ചിരുട്ടാക്കി
ത്തങ്ങളിൽ ബന്ധിച്ചല്ലോ!

എന്തിനീ ദുർവ്വാസമെ
ങ്ങെങ്ങനെയിരുന്നാലും
അന്തകനവസരം
നോക്കിവന്നെത്തും ദൃഢം

കുലുക്കും കൂലം കുത്തി
യൊഴുകും ജലാശയം
ചലിയ്ക്കും തണലേകും
താഴെത്തെച്ചെളിമണ്ണും

ഒലിയ്ക്കും ജലകവു
മതിനോടൊപ്പം നിത്യം
ജ്വലിയ്ക്കും ചൈതന്യത്തിൻ
ഭാവവുമതാണെല്ലോ.

കഴുക്കോൽക്കുത്തേൽക്കുമ്പോൾ
മനുഷ്യൻ മുങ്ങിത്തപ്പി
ക്കഴുകിപ്പെറുക്കുമ്പോ
ഴൊക്കെയുമൊരുപക്ഷേ

പറയാൻ തോന്നും നാശം
വരുത്തല്ലേയെന്നൊന്നു
പറയാൻ മിണ്ടാപ്രാണി
യ്ക്കെങ്ങനെ കഴിയുന്നു

തുറക്കൂകൺപോളകൾ
സ്പന്ദിയ്ക്കും ജലം കാണൂ
മറക്കൂ ഭയം ഇഴ
ഞ്ഞകലങ്ങളിൽ പോകൂ

ഭയമാണല്ലോ ദുഷ്ടം
ധൈര്യമാണെല്ലോ ശിഷ്ടം
ഭയഹേതുകം സ്വാർത്ഥം
ധൈര്യഹേതുകം ത്യാജ്യം

എത്രയോ ശാന്തം കായ
ലെന്നുമീവിധമായാൽ
ഉത്തമം തുഴഞ്ഞെത്താ
മിനിയും കാണാം തമ്മിൽ

ഒത്തിരി ജലജന്തു
ക്കൾക്കുമീവിധമത്രേ
അത്തലിന്നപാരത
യമ്മട്ടു മനുഷ്യനും
കടലിൽ കക്കയായും
കരയിൽ മാംസംവിറ്റും
കടും തീച്ചൂളയ്ക്കുള്ളിൽ
ഓട്ടിയായ് കരിയായും
ഒടുവിൽ ചുണ്ണാമ്പാകും
തരത്തിൽ ചെപ്പിലേറി
നെടുമ്പു കാട്ടും, വെള്ള
പ്രഭുവായിരുന്നിടും
ഗുണത്തിൽ ചുണ്ണാമ്പെത്ര
മഹത്വം താംബൂലത്തി
ന്നിണയായടയ്ക്കാക്കു
സഖിയായ് പുകയില
തുണയായുമിനീരിൽ
ചവച്ചാൽ കാണുന്നതോ
നിണമാണതു കണ്ടു
ഹൃദയം ചുവക്കുന്നു.

■ ■ ■